# പ്രവേശനോത്സവം

01/06/18

രാജപുരം ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂളിൽ വർണാഭമായ പരിപാടികളോട്ടുകൂടി നവാഗതരെ സ്വാഗതം ചെയ്തു **LP ,HS, HSS** സംയുക്തമായി പരിപാടിയിൽ പങ്കെടുത്തു.ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ ശ്രീമതി ഫിലോമിന അദ്ധ്യക്ഷയായ യോഗത്തിൽ **LP H M** ശ്രീ ജെയിംസ് സ്വാഗതവും **HS HM** സി.ബെസ്സി നന്ദിയും പറഞ്ഞു പി.ടി.എ പ്രസിഡന്റ് ശ്രീ മാത്യു വാർഡ് അംഗം ശ്രീ സൈമൺ മണ്ണൂർ എന്നിവർ ആശംസകൾ നേർന്നു.പുതുതായി വന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.തുടർന്ന് എല്ലാ കുട്ടികളേയും ഉൾപ്പെടുത്തി റാലി നടത്തി. വന്ന എല്ലാ കുട്ടികൾക്കും മധുരം വിതരണം ചെയ്തു ചെയ്തു



പരിസ്ഥിതി ദിനാചരണം

ജൂൺ 5

ജൂൺ 5 പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ ആചരിച്ചു.സ്കൂൾ അസംബ്ലിയിൽ മാനേജർ ഫാ ഷാജി വടക്കേതൊട്ടി പരിസ്ഥിതി ദിന സന്ദേശം നൽകി.വാർഡ് അംഗം സൈമൺ മണ്ണൂർ പി.ടി.എ പ്രസിഡന്റ് എന്നിവർ ആശംസകൾ നേർന്നു എല്ലാ കുട്ടികൾക്കും വൃക്ഷ തൈകൾ വിതരണം ചെയ്തു. സ്കൂൾ അങ്കണത്തിൽ വൃക്ഷതൈ നട്ടു കൊണ്ട് പരിസ്ഥിതി ദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. മാനേജർ ഫാ.ഷാജി വടക്കേതൊട്ടി അദ്ധ്യക്ഷനായ യോഗത്തിൽ ശ്രീ ജെയ്സ് ജേക്കബ് സ്വഗതവും ശ്രീമതി സിമി ജോൺ നന്ദിയും പറഞ്ഞു



ജൂൺ 19 വായനാദിനം



ജൂൺ 19 വായനാദിനം മലയാളം അധ്യാപകരുടെ നേതൃത്വത്തിൽ ആചരിച്ചു സ്കൂൾ അസംബ്ലിയിൽ വെച്ച് സ്കൂൾ മാനേജർ ഫാ ഷാജി വടക്കേതൊട്ടി പുസ്തക പാരായണത്തിലൂടെ വായനാ പക്ഷാചരണത്തിന്റെ ഉദ്ഘാടനം നടത്തി ഹെഡ്മിസ്ട്രസ്സ് സി.ബെസി വായനാദിന സന്ദേശം നൽകി പി.ടി എ പ്രസിഡൻറ് TU മാത്യു ആശംസകൾ അറിയിച്ചു

## നാടകാവതരണം

പുതുമയാർന്ന പ്രവർത്തനത്തിലൂടെ വായനാദിനത്തിൽ . വായനയുടെ പ്രാധാന്യം ഉൾകൊള്ളുന്ന ലഘു നാടകം അവതരിപ്പിച്ചു കൊണ്ട് കുട്ടികൾക്ക് വായനാദിന സന്ദേശം നൽകി

## ജൂൺ 20

## ആയിരം കുട്ടികൾക്ക് ആയിരം പുസ്തകങ്ങൾ

വായനാ പക്ഷാചരണത്തിന്റെ രണ്ടാം ദിനം ഗായകൻ രതീഷ് കണ്ടടുക്കത്തിന് സ്വീകരണവും ആദരിക്കലും. ഫ്ളവേഴ്സ് ചാനലിലൂടെ പ്രശസ്തനായ ശ്രീ രതീഷ് കണ്ടടുക്കത്തെ സ്കൂൾ അസംബ്ലിയിൽ വെച്ച് മാനേജർ ഷാജി വടക്കേതൊട്ടി പൊന്നാടയണിയിച്ച് ആദരിച്ചു.വാർഡ് അംഗം സൈമൺ മണ്ണൂർ പി. ടി.എ പ്രസിഡന്റ് HM സി ബെസി എന്നിവർ സംസാരിച്ചു സ്റ്റാഫ് സെക്രട്ടറി ശ്രീ ലൂക്കോസ് മാത്യു സ്വാഗതവും ഫിലിപ്പ് മാസ്റ്റർ നന്ദിയും പറഞ്ഞു

**ആയിരം കുട്ടികൾക്ക് ആയിരം പുസ്തകങ്ങൾ**

സ്കൂൾ ഗ്രന്ഥശാല നവീകരണത്തിന്റെ ഭാഗമായി ആയിരം കുട്ടികൾക്ക് ആയിരം പുസ്തകങ്ങൾ എന്ന പദ്ധതിയുടെ ഉദ്ഘാടനം പുസ്തകങ്ങൾ സ്കൂളിനു നൽകി കൊണ്ട് ശ്രീ രതീഷ് നിർവ്വഹിച്ചു .

വിദ്യാരംഗം കലാ സാഹിത്യ വേദിയുടേയും വിവിധ ക്ലബുകളുടെയും ഉദ്ഘാടനം ശ്രീ രതീഷ് കണ്ടുക്കം നിർവ്വഹിച്ചു



## ജൂൺ 21

വായനാ പക്ഷാചരണത്തിന്റെ ഭാഗമായി ജൂൺ 21 ന് മലയാളം അധ്യാപകരുടെ നേതൃത്വത്തിൽ സ്കൂൾ തല പുസ്തക പ്രദർശനം സംഘടിപ്പിച്ചു .എല്ലാ കുട്ടികൾക്കും പുസ്തകങ്ങൾ കാണുന്നതിനും പരിചയപ്പെടുന്നതിനുമുള്ള അവസരം ലഭിച്ചു

അന്താരാഷ്ട്ര യോഗാ ദിനത്തോടനുബന്ധിച്ച് ഹെഡ്മിസ്ട്രസ് സി.ബെസ്സി സ്കൂൾ അസംബ്ലിയിൽ യോഗ, ദിനാചരണംഉദ്ഘാടനം ചെയ്തു സംസാരിച്ചു .കായിക അധ്യാപകൻ ശ്രീ ജോൺസൻ യോഗയുടെ

പ്രധാന്യത്തെക്കുറിച്ചും രീതികളെക്കുറിച്ചും സംസാരിച്ച്' NCC മാസ്റ്റർ ശ്രീ സജിയോഗ ദിനാചരണ പ്രവർത്തനങ്ങൾക്ക് നേതൃത്യം നൽകി



## ജൂൺ 22

**സാഹിത്യ ക്വിസ്**

യു പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ക്ലാസ്സ് തലക്വിസ് മത്സരം സംഘടിപ്പിച്ചു ക്ലാസ്സ് അധ്യാപകർ ക്വിസ് ന് നേതൃത്വം നൽകി

**ക്ലാസ് ലൈബ്രറി ഉദ്ഘാടനവും വിതരണവും**

എല്ലാ ക്ലാസ്സുകളിലേയ്ക്കും ആവശ്യമായ എണ്ണം പുസ്തകം ക്രമീകരിച്ച് വിതരണം ചെയ്തു 10C ലെ ടോണി ഫിലിപ്പിന് മലയാളം അധ്യാപിക ശ്രീമതി സോണി പുസ്തകം നൽകി ക്ലാസ് ലൈബ്രറി ഉദ്ഘാടനം ചെയ്തു ക്ലാസ് പ്രതിനിധികളെ വിളിച്ചു കൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി

## 26 ജൂൺ

**പുസ്തക പരിചയം**

സ്കൂൾ അസംബ്ലിയിൽ വെച്ച് ബെന്യാമിന്റെ ആടുജീവിതം നോവൽ കുട്ടികൾക്ക് പരിചയപ്പെടുത്തി

**വായനാ മത്സരം**

വായന' പക്ഷാചരണത്തിന്റെ ഭാഗമായി കുട്ടികൾക്ക് ക്ലാസ് തല വായനാ മത്സരം ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ നടത്തി

## ജൂൺ 27

**മെഗാ ക്വിസ്**

ക്ലാസ് തല ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കുട്ടികളെ ഉൾപ്പെടുത്തി ഒരു ക്വിസ് മത്സരം

സംഘടിപ്പിച്ചു.

**ഉപന്യാസ രചനാ മത്സരം**

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി മാറുന്ന മലയാളിയും വായനയും എന്ന വിഷയത്തിൽ ഉപന്യാസ രചനാ മത്സരം നടത്തി

**ജൂൺ 28**

**പ്രസംഗ മത്സരം**

യു' പി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി വായനയുടെ പ്രാധാന്യം എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രസംഗ മത്സരം സംഘടിപ്പിച്ചു ഒന്നും രണ്ടും സ്ഥാനങ്ങൾ വാങ്ങിയവർക്ക് സമ്മാനങ്ങൾ നൽകി

ജൂൺ 29